# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1627 　　　　17/06/2013 ൽ മറുപടിക്ക്

**10 വർഷം തുടർച്ചയായി ജോലി നോക്കിവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി**

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിവിധ വകുപ്പുകളിൽ 10 വർഷം തുടർച്ചയായി ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) വിവിധ വകുപ്പുകളിൽ വരുന്ന ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്താതെ പി.എസ്.സി. മുഖാന്തിരം നിയമനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ? | (ബി) ലഭ്യമായ എല്ലാ ഒഴിവുകളും, 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ അറിയിക്കുവാനും, പബ്ളിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താൽക്കാലിക നിയമനങ്ങൾ, ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ, കരാറടിസ്ഥാനത്തിലുള്ള നിയമനങ്ങൾ എന്നിവ നടത്തുവാൻ പാടുള്ളതല്ല എന്നും എല്ലാ വകുപ്പുതലവന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ